"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കുരോപ്പട ഗ്രാമപഞ്ചായത്ത് - സ്വദേശ് ലൈബ്രറി - ളാക്കാട്ടൂർ ഗ്രാമകേന്ദ്രം- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാർഗ്ഗരേഖയിൽ ഇളവ് നൽകി പ്രത്യേകാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി എ ) വകുപ്പ്**

**സ.ഉ.(സാധാ) നം.1757/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/09/2020

---

പരാമർശം:- 1 02.02.2018 ലെ സ ഉ (കൈ ) നം 11/ 2018/ത സ്വ ഭ വ.

2 കുരോപ്പട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.9.2019-ലെ അപേക്ഷ.

3 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019 ലെ കത്ത്

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25/02/2020 ലെ തീരുമാനം നമ്പർ 4.31.

**ഉത്തരവ്**

നിലവിൽ കുരോപ്പട ഗ്രാമപഞ്ചായത്തിന്റെ 17 വാർഡ് കേന്ദ്രീകരിച്ചു നടക്കുന്ന ഗ്രാമസഭ ഉൾപ്പെടെയുള്ള എല്ലാ പരിപാടികളും കുരോപ്പട ഗ്രാമപഞ്ചായത്ത് - സ്വദേശ് ലൈബ്രറി വച്ചാണ് ചേരുന്നത് എന്നും പഞ്ചായത്തിന്റെ ഗ്രാമ കേന്ദ്രം പ്രവർത്തിക്കുന്നതും പരിമിതമായ സൗകര്യമുള്ള ഈ ലൈബ്രറിയിൽ വച്ചാണെന്നും ആയതിനാലാണ് ഫണ്ട് വെച്ചത് എന്നും എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്തതിനാൽ പ്ലാനിംഗ് ഓഫീസർ അനുമതി നിഷേധിച്ചു എന്നും ആയതിനാൽ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറിക്ക് ഗ്രാമ കേന്ദ്രം പൂർത്തീകരണം എന്ന നിലയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി മാർഗ്ഗരേഖയിൽ ഇളവ് നൽകി പ്രത്യേക അനുമതിക്കും, ധനകാര്യ കമ്മീഷൻ ഫണ്ട് ഇക്കാര്യത്തിനായി ഉപയോഗിക്കുവാനുമുള്ള കുരോപ്പട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) അപേക്ഷ കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു .

പരാമർശം(1) -ലെ മാർഗ്ഗരേഖ ഖണ്ഡിക 7.6 (11) പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള പഞ്ചായത്ത് ലൈബ്രറികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്. ഖണ്ഡിക 12 പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഭൗതിക സാഹചര്യം പ്രദാനം ചെയ്യുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, റോഡ് മെയിന്റനൻസ് വിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്ന 40,000/- രൂപ ഒഴിവാക്കണമെന്ന നിബന്ധനയോടെ കുരോപ്പട ഗ്രാമപഞ്ചായത്തിൽ സ്വദേശ് ലൈബ്രറി - ളാക്കാട്ടൂർ ഗ്രാമകേന്ദ്രം പൂർത്തീകരണം എന്ന നിലയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാർഗ്ഗരേഖയിൽ ഇളവ് നൽകി, പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/പ്രസിഡന്റ്, കുരോപ്പട ഗ്രാമ പഞ്ചായത്ത്, കോട്ടയം..

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by SURESH KUMAR K
Date: 2020.08.28 12:37:00 IST
Reason: Approved
സെക്ഷൻ ഓഫീസർ